**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4689** **19-07-2022 - ൽ മറുപടിയ്ക്ക്**

**നെയ്യാർഡാം മത്സ്യ വിത്തുല്പാദന കേന്ദ്രത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ സി കെ ഹരീന്ദ്രൻ** | | **ശ്രീ. വി. അബ്ദുറഹിമാൻ (മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | നെയ്യാർഡാം മത്സ്യ വിത്തുല്പാദന കേന്ദ്രത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതികളേയും അവയുടെ പുരോഗതിയേയും സംബന്ധിച്ച വിശദാംശം അറിയിക്കാമോ; | (എ) | വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത കേന്ദ്രം അഡാക്ക് എന്ന ഏജൻസിക്ക് കൈമാറാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാര്യകാരണസഹിതമുള്ള വിശദാംശം അറിയിക്കാമോ; | (ബി) | ഉണ്ട്. 07/10/2020ൽ ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ കൂടിയ മീറ്റിംഗിന്റെ 13-ാം നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, വകുപ്പിന്റെ നിയന്ത്രണത്തിലുള്ള 20 ഹാച്ചറികളിൽ, ആദ്യഘട്ടത്തിൽ നെയ്യാർ, കുളത്തുപ്പുഴ, ഉള്ളണം, കല്ലാനോട് എന്നീ നാല് ഹാച്ചറികളുടെ ഓപ്പറേഷൻ & മെയിന്റനൻസ് അഡാക്കിനു കൈമാറുന്നതിന് തീരുമാനിക്കുകയും, ആയതു പ്രകാരം ഫാം അഡാക്കിന് ഔട്സോഴ്സ് ചെയ്യാൻ ഉത്തരവ് ആയിട്ടുമുണ്ട്. മേൽ ഹാച്ചറികൾ ADAK നു ഔട്സോഴ്സ് ചെയ്യുന്നതിന് വേണ്ടി ഇൻവെന്ററി ലിസ്റ്റ് തയ്യാറാക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | നെയ്യാർഡാം മത്സ്യ വിത്തുല്പാദന കേന്ദ്രത്തിൽ വ്യാവസായിക അടിസ്ഥാനത്തിൽ മത്സ്യം ഉല്പാദിപ്പിക്കുന്നത് ആലോചനയിലുണ്ടോ; വിശദമാക്കുമോ; | (സി) | നിലവിലുള്ള കാർപ്പ് ഹാച്ചറി, GIFT ഹാച്ചറി എന്നിവയുടെ ഉല്പാദനം പ്രതിവർഷം 50ലക്ഷം വീതവും 8 ഹബ്ബുകളുടെ നവീകരണം പൂർത്തിയാകുന്നതോടെ തദ്ദേശീയ/ അലങ്കാര മത്സ്യ യൂണിറ്റിന്റെ ഉത്പാദനം 20 ലക്ഷവും ആക്കി പ്രതിവർഷം ആകെ 120 ലക്ഷം മത്സ്യക്കുഞ്ഞുങ്ങളെ ഉത്പാദിപ്പിച്ചു വിപണനം ചെയ്യുവാൻ ആണ് ഉദ്ദേശിച്ചിരിക്കുന്നത്. കൂടാതെ തദ്ദേശീയ ഇനങ്ങൾക്ക് (അലങ്കാര മത്സ്യങ്ങൾ ഉൾപ്പെടെ) കൂടുതൽ പ്രാധാന്യം നൽകി വ്യാവസായിക അടിസ്ഥാനത്തിൽ ഉത്പാദിപ്പിച്ചു വിപണനം ചെയ്യുന്നതിനും ലക്ഷ്യമിട്ടിട്ടുണ്ട്. |
| (ഡി) | പ്രസ്തുത കേന്ദ്രത്തിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന | (ഡി) | അലങ്കാര മത്സ്യ യൂണിറ്റിൽ നിലവിൽ കേടുപാട് |

| | | | |
|---|---|---|---|
| | പുതിയ പദ്ധതികളുടെ വിശദാംശം അറിയിക്കാമോ? | | സംഭവിച്ച് കിടക്കുന്ന ഒന്ന് മുതൽ അഞ്ചു വരെയുള്ള ഹബ്ബുകളുടെ നവീകരണത്തിന് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന 250 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി നവീകരണത്തിന് ലക്ഷ്യമിടുന്നു. അലങ്കാര മത്സ്യ യൂണിറ്റിന്റെ പ്രവർത്തനങ്ങളോട് അനുബന്ധിച്ച് കിണർ, ഫിൽട്രേഷൻ സിസ്റ്റം, എന്നിവ അടങ്ങുന്ന 35 ലക്ഷം രൂപയുടെ 'ഡെവലപ്മെന്റ് ഓഫ് ഓർണമെന്റൽ ഫിഷ് കൾച്ചർ യൂണിറ്റ് ഇൻ നാഷണൽ ഫിഷ് സീഡ് ഫാം, നെയ്യാർ ഡാം' പദ്ധതിയും നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നു. കൂടാതെ തദ്ദേശീയ ഇനം മത്സ്യങ്ങളുടെ (അലങ്കാരമത്സ്യ ഇനങ്ങൾ ഉൾപ്പെടെ) ഉൽപ്പാദനവും വിപണനവും വ്യാവസായിക അടിസ്ഥാനത്തിൽ നടത്തുന്നതിനു വേണ്ടിയുള്ള പദ്ധതിയും ലക്ഷ്യമിടുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ക്രമ നം | പദ്ധതി | നിർവഹണഏജൻസി | തുക (ലക്ഷം) | പ്രധാനഘടകങ്ങൾ |
|---|---|---|---|---|
| 1 | അഡീഷണൽ ഇൻഫ്രാസ്ട്രക്ചർ ഫെസിലിറ്റീസ് ഓഫ് എൻ.എഫ് .എസ്.എഫ്., നെയ്യാർ ഫേസ്-3 | ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് | 746.00 | ബ്ലോവർ എയറേഷൻ സംവിധാനങ്ങളോട് കൂടിയ 23 റെയറിങ് മത്സ്യകുളങ്ങളുടെ നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ചു. മത്സ്യോത് പാദന/ വിപണന പ്രവർത്തനങ്ങൾ നടന്നുവരുന്നു. ബേർഡ്ഫെൻസിങ് , റൂഫ്ഫെൻസിങ്, ഹൈമാസ്ററ് ലൈറ്റിംഗ് സിസ്റ്റം ഇന്റെർ ലോക്കിങ് സംവിധാനം എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്.. സർവെയലൻസ് ക്യാമറ കെൽട്രോൺ മുഖേന സ്ഥാപിക്കുന്നതിന് വേണ്ടിയുള്ള നടപടികൾ പുരോഗമിക്കുന്നു. |
| 2 | ഗിഫ്റ്റ് ഹാച്ചറി, നെയ്യാർ | കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ | 500.00 | GIFT ഇൻഡോർ ഹാച്ചറി, ഔട് ഡോർ റെയറിങ് യൂണിറ്റ്, ETP UNIT, ഫിൽട്രേഷൻ യൂണിറ്റ് എന്നിവയുടെ നിർമ്മാണം പൂർത്തീകരിച്ചു മത്സ്യോത് പാദന/വിപണനം നടന്നു വരുന്നു. റെയറിങ്കുളങ്ങളുടെ റൂഫ്ഫെൻസിങ്, ബേർഡ്ഫെൻസിങ് എന്നിവ പൂർത്തിയായി കൊണ്ടിരിക്കുന്നു. ബ്രൂഡ് മത്സ്യകുളങ്ങളുടെയും 6 സെന്റ് വീതമുള്ള 6 സിമന്റ് റെയറിങ് കുളങ്ങളുടെ നിർമ്മാണവും കോമ്പൗണ്ട് വാൾ ഫെൻസിങ് വർക്കും പൂർത്തീകരിച്ചു വരുന്നു. |
| 3 | റിനോവേഷൻ ഓഫ് ഹബ് നം.6 ഇൻ ഓർണമെന്റൽ ഫിഷ് സീഡ് യൂണിറ്റ്, നെയ്യാർ ഡാം | കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ | 40.80 | ടാങ്കുകളുടെ ലീക്ക് പ്രൂഫിങ് വർക്ക്, എപ്പോക്സി പെയിന്റിംഗ്, ബേർഡ് ഫെൻസിങ്, റൂഫിങ്, ഡ്രെയ്നേജ് വർക്ക് എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. ഹബ് ഹാൻഡ് ഓവർ ചെയ്യുന്ന മുറയ്ക്ക് മത്സ്യോൽപ്പാദന പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. |
| 4 | റിനോവേഷൻ ഓഫ് ഓർണമെന്റൽ ഫിഷ് ഹബ് നം. 7 & 8 നെയ്യാർ ഡാം | കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ | 83.50 | ഹബ് നമ്പർ 7, 8-ടാങ്കുകളുടെ ലീക്ക് പ്രൂഫിങ് വർക്ക്, എപ്പോക്സി പെയിന്റിംഗ്, ബേർഡ് ഫെൻസിങ്, റൂഫിങ്, ഡ്രെയ്നേജ് വർക്ക് എന്നിവ പൂർത്തീകരിച്ചിട്ടുണ്ട് .ഹബ് ഹാൻഡ് ഓവർ ചെയ്യുന്ന മുറയ്ക്ക് മത്സ്യോൽപ്പാദന പ്രവർത്തനങ്ങൾ |

| | | | | |
|---|---|---|---|---|
| | | | | ആരംഭിക്കുന്നതാണ്. |
| 5 | എസ്റ്റാബ്ലിഷ്മെന്റ് ഓഫ് ലൈവ് ഫീഡ് യൂണിറ്റ് ഇന്റഗ്രേറ്റഡ് വിത്ത് ഫിൻഫിഷ് ഹാച്ചറി. | ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് | 25.00 | നിർമ്മാണ പ്രവർത്തികൾ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നടന്നു വരുന്നു. |
| 6 | പ്രൊവൈഡിംഗ് എയ്റേഷൻ സിസ്റ്റം ലൈറ്റിംഗ് ആന്റ് എയ്റേറ്റർ സപ്ലൈ ടൂ നം.6, 7 & 8 ഓർണമെന്റൽ ഫിഷ് ഹബ് യൂണിറ്റ്സ് ഓഫ് സെന്റർ ഫോർ ഫ്രഷ് വാട്ടർ അക്വാകൾച്ചർ, നെയ്യാർ ഡാം | ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് | 95.00 | പ്രസ്തുത വർക്കുകൾ HED മുഖേന പുരോഗമിച്ചു വരുന്നു. |